# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 3317

16-12-2015- ലെ
മറുപടിയ്ക്ക്

## ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. ഹംസ | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷന്റെ ഓഫീസുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; | (എ) | 1. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഓഫീസുകൾ താഴെ പറയുന്ന മൂന്ന് സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്നു.<br><br>I) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ<br>കോഴിക്കോട് ഹെഡ്ഓഫീസ്<br>കെ.യു.ആർ.ഡി.എഫ്.സി. ബിൽഡിംഗ്,<br>ചക്കോരത്ത് കുളം, വെസ്റ്റ്ഹിൽ പി.ഒ,<br>കോഴിക്കോട്- 673005<br><br>II) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ,<br>എറണാകുളം റീജിയണൽ ഓഫീസ്<br>മൈനോറിറ്റി കോച്ചിംഗ് സെന്റർ ബിൽഡിംഗ്,<br>ടെമ്പിൾ റോഡ്, ആലുവ - 683101<br><br>III) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ<br>തിരുവനന്തപുരം റീജിയണൽ ഓഫീസ്,<br>സമസ്ത ജൂബിലി സൗധം,<br>3-ാംനില, റൂം നമ്പർ 302,<br>എസ്.എസ് കോവിൽ റോഡ്,<br>മേലേ തമ്പാനൂർ - 695001 |

<table>
<tr><td>(ബി)</td><td>ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഏതെല്ലാം പദ്ധതികൾ പ്രസ്തുത വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;</td><td>(ബി)</td><td>ഉത്തരം അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>(സി)</td><td>പ്രസ്തുത കോർപ്പറേഷൻ നാളിതുവരെ എത്ര പേർക്ക് ധനസഹായം നൽകി; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;</td><td>(സി)</td><td>KSMDFC യിൽ ഇത് വരെയായി 1711 പേർക്ക് വായ്പ സഹായം നൽകിയിട്ടുണ്ട്.<br><br><u>ജില്ലാ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.</u><br><br>ജില്ല — ഗുണഭോക്താകളുടെ എണ്ണം<br>കാസർക്കോട് — 40<br>കണ്ണൂർ — 73<br>വയനാട് — 75<br>കോഴിക്കോട് — 540<br>മലപ്പുറം — 305<br>പലക്കാട് — 139<br>തൃശ്ശൂർ — 66<br>എറണാകുളം — 70<br>കോട്ടയം — 41<br>ഇടുക്കി — 85<br>പത്തനംതിട്ട — 11<br>കൊല്ലം — 125<br>ആലപ്പുഴ — 43<br>തിരുവനന്തപുരം — 98</td></tr>
<tr><td>(ഡി)</td><td>ധനസഹായത്തിനായി എത്ര അപേക്ഷകൾ നിലവിൽ പെന്റിംഗ് ഉണ്ട്; അവർക്കെല്ലാം ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാൻ കഴിയുമോ; വിശദാംശം ലഭ്യമാക്കുമോ?</td><td>(ഡി)</td><td>KSMDFC യിൽ നിലവിലുള്ള പെന്റിംഗ് അപേക്ഷകളുടെ എണ്ണം<br><br>വായ്പ — അപേക്ഷകളുടെ എണ്ണം<br>സ്വയം തൊഴിൽ — 3770<br>ഉദ്യോഗസ്ഥ വായ്പ — 495<br>വിദ്യഭ്യാസ വായ്പ — 508<br>ഭവന വായ്പ — 606<br><br>ഫണ്ട് ലഭ്യമാകുന്ന മുറക്ക് പ്രസ്തുത അപേക്ഷകൾ പരിഗണികുന്നതാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

### 1. സ്വയം തൊഴിൽ വായ്പ

| വിവിധ വായ്പ | പരമാവധി തുക | പലിശ | കാലാവധി | വയസ്സ് |
|---|---|---|---|---|
| (a) സ്വയം തൊഴിൽ | 10 ലക്ഷം | 6% | 60 മാസം | 18-56 |
| (b) പ്രവാസി വായ്പ(സ്വയം തൊഴിൽ) | 10 ലക്ഷം | 5% | ,, | ,, |
| (c) നിതാഖാത്ത് (സ്വയം തൊഴിൽ) | 10 ലക്ഷം | 3% | ,, | ,, |
| (d) വിസാ വായ്പ | 3 ലക്ഷം | 5% | ,, | ,, |

വാർഷിക വരുമാന പരിധി: ഗ്രാമങ്ങളിൽ 81,000രൂപയും നഗരങ്ങളിൽ 1,03,000 രൂപ

(ക്രമനമ്പർ (a) പ്രകാരമുള്ള NMDFC സ്വയം തൊഴിൽ വായ്പാ സ്കീമിൽ കുടുംബവാർഷിക വരുമാനം 6 ലക്ഷം രൂപയിൽ കവിയാൻ പാടില്ല. എന്നാൽ ഗ്രാമങ്ങളിൽ 81,000രൂപയും നഗരങ്ങളിൽ 1,03,000രൂപയിലും കുറഞ്ഞ വാർഷിക വരുമാനമുള്ളവർക്ക് മുൻഗണന ലഭിക്കും.)

### 2. വിദ്യാഭ്യാസ വായ്പ (സ്റ്റുഡന്റ്സ് പ്ലസ്)

പ്രൊഫഷണൽ/ ടെക്നിക്കൽ കോഴ്സുകളിൽ ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്വദേശത്ത് പഠിക്കാൻ പരമാവധി 10 ലക്ഷം രൂപയും വിദേശത്ത് പഠിക്കാൻ 20 ലക്ഷം രൂപ വരെയും അനുവദിക്കും. 3 ശതമാനമാണ് പലിശ നിരക്ക്. കോളേജ് അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, ഹോസ്റ്റൽ ചെലവുകൾ എന്നീ ഇനങ്ങളിലാണ് തുക അനുവദിക്കുന്നത്. കേന്ദ്ര/ സംസ്ഥാന സർക്കാർ, UGC, AICTE, MCI, തുടങ്ങിയ സ്ഥാപനങ്ങൾ അംഗീകരിച്ച കോഴ്സുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. വാർഷിക വരുമാന പരിധി :ഗ്രാമങ്ങളിൽ 81,000രൂപയും നഗരങ്ങളിൽ 1,03,000രൂപ

### പേരന്റ് പ്ലസ് (വിദ്യാഭ്യാസ വായ്പ)

| | പരമാവധി തുക | പലിശ | കാലാവധി | വയസ്സ് |
|---|---|---|---|---|
| കുട്ടികളുടെ വിദ്യാഭ്യാസത്തിന് വേണ്ടി രക്ഷിതാക്കൾക്കുള്ള വായ്പ (വരുമാന പരിധി ബാധകമല്ല) | 5 ലക്ഷം (1.5 മുതൽ 2 ലക്ഷം വരെ വർഷത്തിൽ) | 7% | 60 മാസം | 18-55 |

**3. ഉദ്യോഗസ്ഥ വായ്പ** (വരുമാന പരിധി ബാധകമല്ല)

| ജാമ്യം | പരമാവധി തുക | പലിശ | കാലാവധി | വയസ്സ് |
|---|---|---|---|---|
| അപേക്ഷന്റെ സ്വന്തം ജാമ്യം | 1.5 ലക്ഷം | @ 7% | 60 മാസം | 18-55 |
| ഒരാളുടെ ജാമ്യം | 2.5 ലക്ഷം | | | |
| അപേക്ഷകനും മറ്റൊരാളും ജാമ്യം | 3 ലക്ഷം | | | |
| പരസ്പര ജാമ്യം | 2.5 ലക്ഷം | | | |

വായ്പകൾക്ക് KSMDFC നിയമാവലി അനുസരിച്ചുള്ള ഉദ്യോഗസ്ഥ/വസ്തു ജാമ്യം ഈടായി നൽകേണ്ടതാണ്.

**4. മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി അംഗങ്ങൾക്ക് ഭവന വായ്പ**

മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി അംഗങ്ങൾക്ക് 2.5ലക്ഷം രൂപ വീതം പലിശ രഹിത ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിനുള്ള പദ്ധതി പ്രകാരം 200 പേർക്ക് വായ്പ നൽകുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. നിലവിലുള്ള വീടുകൾ പുതുക്കുന്നതിനും/റിപ്പയർ ചെയ്യുന്നതിനുമാണ് ഈ പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നത്.

**5. മൈക്രോ ഫിനാൻസ്**

പഞ്ചായത്ത്-മുൻസിപ്പൽ CDS മുഖേനയും നിയമാനുസൃതം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന മൂന്ന് വർഷത്തേ പ്രവർത്തനമികവുള്ള NGO /സന്നദ്ധ സംഘടനകൾ വഴിയുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. വായ്പക്കാർക്ക് ഈട് ആവശ്യമില്ല. സന്നദ്ധ സംഘടനകൾക്ക് ചുരുങ്ങിയത് ആറു മാസമെങ്കിലും പ്രായമുള്ള സ്വയം സഹായഗ്രൂപ്പുകൾ ഉണ്ടായിരിക്കണം. കുടുംബശ്രീ, അയൽകൂട്ടങ്ങൾ വഴി ഏറ്റവും ദരിദ്രരായവർക്ക് വരുമാന ദായകമായ ഏതെങ്കിലും ചെറുകിട സംരംഭങ്ങളിലോ തൊഴിലുകളിലോ ഏർപ്പെടുന്നതിന് വേണ്ടി കുറഞ്ഞ തുക വേഗത്തിലും നടപടിക്രമങ്ങൾ ഒഴിവാക്കികൊണ്ടും ലഭ്യമാക്കുക എന്നുള്ളതാണ് മൈക്രോ ഫിനാൻസ് കൊണ്ട് ഉദ്ദേശിക്കുന്നത്. 2 ശതമാനം പലിശ നിരക്കിൽ 25 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. വായ്പാ കാലാവധി 3 വർഷം. ഒരു വ്യക്തിക്ക് 50000രൂപ വരെ ഇപ്രകാരം ലഭിക്കും. വ്യക്തിഗത ഗുണഭോക്താവിന്റെ അപേക്ഷയോ ജാമ്യമോ ആവശ്യമില്ല. CDS/ NGO ഗ്രൂപ്പിൽ 75 ശതമാനം ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം. പഞ്ചായത്ത്-മുൻസിപ്പൽ തല CDS കൾക്ക് മുൻഗണന നൽകും. NGO കൾക്കുള്ള വായ്പാ തുക നിശ്ചയിക്കുന്നത് അവയുടെ പ്രവർത്തന പാരമ്പര്യവും സംഘത്തിന്റെ വാർഷിക നെറ്റ് വർത്തും കണക്കിലെടുത്തായിരിക്കും-സമാന സ്വഭാവമുള്ള സ്ഥാപനങ്ങളിൽ നിന്നും മൈക്രോ വായ്പ എടുത്തവരേ പരിഗണിക്കുന്നതല്ല.

6. <u>സൗജന്യ പരിശീലനം</u>

വൊക്കേഷനൽ ട്രെയിനിംഗ്, സ്കിൽ ഡെവലപ്മെന്റ്, സംരംഭകത്വ വികസന പരിശീലനം എന്നിവ കോർപ്പറേഷൻ നടപ്പിലാക്കി.

**<u>ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പു മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നു.</u>**

1. കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്ന സി.എച്ച്.മുഹമ്മദ് കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് (തുടർ പദ്ധതി)
2. മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി. (തുടർ പദ്ധതി)
3. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി (തുടർ പദ്ധതി)
4. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്. (തുടർ പദ്ധതി)
5. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ–ഗൈഡൻസ് – വ്യക്തിത്വ വികസന പരിപാടി. (തുടർ പദ്ധതി)
6. ദ്വിവൽസര ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ –റീ– ഇംബേഴ്സ് മെന്റ് സ്കീം. (തുടർ പദ്ധതി)
7. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഹ്രസ്വകാല റിസർച്ച് ഫെല്ലോഷിപ്പ്.
8. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവ/വിവാഹമോചിത/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് ഭവന പദ്ധതി. (തുടർ പദ്ധതി)
9. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി. (തുടർ പദ്ധതി)
10. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഷെയർ കാപ്പിറ്റൽ നൽകുന്ന പദ്ധതി.
11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം

വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധനസഹായ പദ്ധതി.

12. എസ്.എസ്.എൽ.സി.ക്ക് ഉറുദു ഐച്ഛികമായെടുത്ത് എല്ലാ വിഷയങ്ങൾക്കും എ+ നേടിയവർക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

13. എസ്.എസ്.എൽ.സി. / പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

14. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തുന്ന ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്/ ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ്മെന്റ് പദ്ധതി.

സെക്ഷൻ ഓഫീസർ